ലേഖനം ●
ഡോ. അബ്ദുസ്സലാം വാണിയമ്പലം

## ഇസ്‌ലാമികപ്രസ്ഥാനങ്ങൾ പുതിയ സാഹചര്യത്തിൽ – 4

# പുരുഷാധിപത്യത്തിൽ നിന്ന് വനിതാ പ്രാതിനിധ്യത്തിലേക്ക്

**നൂറ്റാണ്ടുകളിലൂടെ പതിച്ചുകിട്ടിയ പതിതാവസ്ഥയിൽ, സമുദായത്തിന്റെ മുഖ്യധാരയിൽ നിന്ന് മറയ്ക്കുപിന്നിലേക്ക് മാറ്റിനിർത്തപ്പെട്ട സ്ത്രീയെ മുൻനിരയിലേക്ക് കൊണ്ടുവരാൻ, അതേ സമുദായത്തിന്റെ ഭാഗമായ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് അനായാസം സാധിക്കുമായിരുന്നില്ല. അങ്ങനെ, പ്രസ്ഥാനങ്ങളിലും അവർ പ്രാന്തവത്കരിക്കപ്പെടുക തന്നെയായിരുന്നു. ഈ പ്രവണതയെയാണ് ഇപ്പോൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സാവധാനം മറികടന്നുകൊണ്ടിരിക്കുന്നത്.**

**ശൈഖ്** റാശിദുൽ ഗനൂഷി പറഞ്ഞതുപോലെ, ഒറ്റച്ചിറകുകൊണ്ട് പറക്കാനാവില്ല. സമൂഹത്തിന്റെ പകുതിയായ സ്ത്രീയെ മാറ്റിനിർത്തി ഒരു പുരോഗതിയും കൈവരിക്കാനാവില്ല. മുമ്പെന്നത്തെക്കാളും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന യാഥാർഥ്യമാണിത്. സമൂഹത്തിന്റെ മടിത്തട്ടാണ് സ്ത്രീ. സമൂഹത്തിന്റെ പകുതിയാണെന്നതിനുപുറമെ അവശേഷിക്കുന്ന പകുതിയായ പുരുഷന്മാരെ പെറ്റുപോറ്റി വളർത്തിയെടുക്കുന്നതും അവരാണെന്നിരിക്കെ അവരില്ലാതെ എന്തു ഇസ്‌ലാമിക നവോത്ഥാനം?

തെരഞ്ഞെടുപ്പുകളിൽ ഓരോ മണ്ഡലത്തിലെയും സ്ത്രീ വോട്ടുകൾ വളരെ നിർണായകമാണ്. മുസ്‌ലിം രാജ്യങ്ങളിലെ മിക്ക യൂനിവേഴ്സിറ്റികളിലും വിദ്യാർഥികളേക്കാൾ കൂടുതൽ വിദ്യാർഥിനികളാണ്. ഈ യാഥാർഥ്യങ്ങളെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് അവഗണിക്കുക വയ്യ.

നബി(സ) സാമൂഹിക നവോത്ഥാനത്തിൽ സ്ത്രീകളുടെ പങ്ക് തിരിച്ചറിഞ്ഞ് തന്റെ അജണ്ടയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം നൽകിയിരുന്നു. അതുകൊണ്ടാണ് പ്രവാചകൻ നയിച്ച വിപ്ലവത്തിൽ അവർക്ക് അദ്വിതീയമായ പങ്കുവഹിക്കാൻ കഴിഞ്ഞത്. കുടുംബത്തിൽ അവർ വിപ്ലവകാരികളുടെ പോറ്റുമ്മമാരായി. യുദ്ധക്കളത്തിൽ അവർ യോദ്ധാക്കളോടൊപ്പം നിറഞ്ഞു നിന്നു. പാണ്ഡിത്യത്തിൽ അവർ പുരുഷൻമാരോട് സമം നിന്നു. രാഷ്ട്രീയത്തിൽ അവർ ക്രാന്തദർശിത്വം പ്രകടിപ്പിച്ചു.

നൂറ്റാണ്ടുകളിലൂടെ പതിച്ചുകിട്ടിയ പതിതാവസ്ഥയിൽ, സമുദായത്തിന്റെ മുഖ്യധാരയിൽ നിന്ന് മറയ്ക്കുപിന്നിലേക്ക് മാറ്റിനിർത്തപ്പെട്ട സ്ത്രീയെ മുൻനിരയിലേക്ക് കൊണ്ടുവരാൻ, അതേ സമുദായത്തിന്റെ ഭാഗമായ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് അനായാസം സാധിക്കുമായിരുന്നില്ല. അങ്ങനെ, പ്രസ്ഥാനങ്ങളിലും അവർ പ്രാന്തവത്കരിക്കപ്പെടുക തന്നെയായിരുന്നു. ഈ പ്രവണതയെയാണ് ഇപ്പോൾ ഇസ്‌ലാമിക പ്രസ്ഥാ




നങ്ങൾ സാവധാനം മറികടന്നുകൊണ്ടിരിക്കുന്നത്. അത് പൂർണമായിട്ടില്ലെന്നത് ശരിയാണ്. മറ്റു മേഖലകളിലെന്നപോലെ, ഇനിയും ബഹുദൂരം അവക്ക് മുന്നോട്ടു പോകേണ്ടതുണ്ട്.

ഈ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ചത് ഫലസ്ത്വീനിലെ ഹമാസാണ്. സജീവമായ സ്ത്രീ പങ്കാളിത്തമാണ് ഹമാസ് എന്ന പ്രസ്ഥാനത്തിന്റെ വിജയ രഹസ്യം. മക്കളെ അണിയിച്ചൊരുക്കി ജിഹാദിന് വിടാൻ തന്റേടമുള്ള ഉമ്മമാർ, ചെറുപ്പക്കാരോടൊപ്പം പോരാട്ട ഭൂമിയിൽ ജൂതാധിനിവേശക്കാർക്കുനേരെ കൽചീളുകളെറിയുന്ന ചെറുപ്പക്കാരികൾ, ഭർത്താക്കന്മാർക്ക് പോരാട്ടത്തിന് ആവേശം പകർന്നു നൽകുന്ന സഹധർമിണികൾ, ജൂതജയിലറകളിൽ സഹനമവലംബിച്ചു കഴിയുന്ന തടവുകാരികൾ, സഹനത്തിന്റെ പ്രതീകങ്ങളായ വിധവകൾ, അറിവിന്റെ ഉന്നതികളിലെത്തിയ പണ്ഡിതകൾ, മികച്ച രാഷ്ട്രീയ നേതാക്കളും പർലമെന്റംഗങ്ങളുമായി നിറഞ്ഞു നിൽക്കുന്ന വനിതാ നേതൃത്വം- ഇവരെയും കൊണ്ടാണ് ഹമാസ്, ഇതിഹാസങ്ങൾ സൃഷ്ടിച്ച നവോത്ഥാന പോരാട്ടപ്രസ്ഥാനമായി ചരിത്രത്തിൽ ഇടം നേടിയത്. ഈ സത്രീ പങ്കാളിത്തം അതിന്റെ ജൈത്രയാത്രയിൽ സമർപ്പിച്ചത്, നിസ്തുലമായ അത്ഭുതങ്ങളായിരുന്നു. ആ അത്ഭുതങ്ങളാണ് ഹമാസിന്റെ കുതിപ്പിന് നിദാനം.

തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സജീവമായ ഇസ്‌ലാമിക പ്രസ്ഥാനങ്ങളൊക്കെയും, സ്ഥാനാർഥി പട്ടികയിൽ സ്ത്രീകൾക്ക് നല്ല പ്രാതിനിധ്യം നൽകുന്നുണ്ട്. ഈജിപ്തിലും ജോർദാനിലും മൊറോക്കോയിലും തെരഞ്ഞെടുപ്പുകാലത്ത് പർദയിട്ട വനിതാ സ്ഥാനാർഥികളുടെ പോസ്റ്ററുകൾ വ്യാപകമായി പതിച്ച് പ്രചാരണം നടത്തുന്നതു കാണാം. മൊറോക്കോവിലെ ജസ്റ്റിസ്&ഡവലപ്മെന്റ് പാർട്ടിയുടെ 46 എംപിമാരിൽ ആറു പേർ വനിതകളാണ്. തുർക്കിയിൽ 63 സ്ത്രീകളെ അവിടത്തെ ജസ്റ്റിസ് & ഡവലപ്മെന്റ് പാർട്ടി മത്സരിപ്പിക്കുകയുണ്ടായി. ഫലസ്ത്വീനിൽ ഹമാസിന്റെ പാർലമെന്റംഗങ്ങളിലും വനിതകളുണ്ട്. അവരിൽ, ഇതുവരെ ഇസ്രയേലീ തടവറയിലായിരുന്ന ഡോ. മർയം സ്വാലിഹ് കഴിഞ്ഞ മാസമാണ് മോചിതയായത്.

എന്നാൽ കുവൈത്തിലും ബഹ്റൈനിലും ഇഖ്‌വാൻ, രാഷ്ട്രീയത്തിൽ വനിതാ പ്രാതിനിധ്യം നൽകിയിട്ടില്ല. ഗൾഫ് വനിതകളുടെ പരമ്പരാഗത രീതികൾക്ക് അന്യമായതിനാലാവാം. കുവൈത്തിലെ ഇഖ്‌വാൻ ഒരുവേള വനിതകൾക്ക് വോട്ടവകാശം നൽകുന്നതിനെപ്പോലും എതിർക്കുകയുണ്ടായി. എന്നാൽ പിന്നീട് നയം മാറ്റേണ്ടിവന്നു.


മഹ്ദി ആകിഫ്


മുഹമ്മദുൽ ഹംദാവി


ത്വാരിഖ് സുവൈദാൻ

യൂറോപ്പിലും അമേരിക്കയിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മുൻനിരയിൽ വിദ്യാസമ്പന്നരായ വനിതകളുണ്ട്. അമേരിക്കയിൽ 'ഇസ്ന'യുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് ഇൻഗ്രിഡ് മാറ്റ്സൺ എന്ന വനിതയാണ്. നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ ഇസ്‌ലാമിക കൂട്ടായ്മയാണ് 'ഇസ്ന'.

ശൈഖ് റാശിദുൽ ഗനൂശി, ഡോക്ടർ യൂസുഫുൽ ഖറദാവി തുടങ്ങിയ പ്രസ്ഥാന ചിന്തകർ സ്ത്രീ പങ്കാളിത്തത്തിന് വമ്പിച്ച പ്രാധാന്യമാണ് നൽകിപ്പോരുന്നത്. പ്രസ്ഥാനത്തിനകത്തെ അനാരോഗ്യകരമായ പുരുഷമേധാവിത്വത്തെ ശൈഖ് ഖറദാവി രൂക്ഷമായി വിമർശിച്ചിട്ടുണ്ട്.[1] ശൈഖ് ഗനൂഷിയാവട്ടെ, 'സ്ത്രീയെ നേതാവാക്കിയവർ വിജയിക്കുകയില്ല' തുടങ്ങിയ ഹദീസുകൾ വച്ച് സ്ത്രീക്ക് രാഷ്ട്രത്തിലെ പരമോന്നത പദവി പാടില്ലെന്ന വാദത്തെപ്പോലും ഖണ്ഡിക്കുകയുണ്ടായി[2]. ഈയിടെ കേരളത്തിൽ വന്നപ്പോൾ, കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനം എല്ലാ അർഥത്തിലും മാതൃകയാണെങ്കിലും സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരുന്നതിൽ അവരും പിറകിൽ തന്നെയാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

### ഭാവനയുള്ള നേതൃത്വം

ലോകത്ത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഇന്നു കാണുന്ന വിജയത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അവയുടെ ക്രാന്തദർശികളായ നേതാക്കളാണ്. ഒരു സംഘടനയുടെ വിജയം നിർണയിക്കുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നത് അതിന്റെ നേതൃത്വം തന്നെയാണ്. യോഗ്യരായ നേതാക്കളുണ്ടെങ്കിൽ സമൂഹം അവരുടെ പിന്നാലെ വരും. തുർക്കിയിലെ ഉർദുഗാനും ഫലസ്തീനിലെ അഹ്മദ് യാസീൻ മുതൽ ഖാലിദ് മിശ്അൽ വരെയുള്ളവരും അതിന്റെ തെളിവത്രെ.

ലോകത്ത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഇന്നു കാണുന്ന വിജയത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അവയുടെ ക്രാന്തദർശികളായ നേതാക്കളാണ്. ഒരു സംഘടനയുടെ വിജയം നിർണയിക്കുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നത് അതിന്റെ നേതൃത്വം തന്നെയാണ്. യോഗ്യരായ നേതാക്കളുണ്ടെങ്കിൽ സമൂഹം അവരുടെ പിന്നാലെ വരും. തുർക്കിയിലെ ഉർദുഗാനും ഫലസ്തീനിലെ അഹ്മദ് യാസീൻ മുതൽ ഖാലിദ് മിശ്അൽ വരെയുള്ളവരും അതിന്റെ തെളിവത്രെ.

തുർക്കിയിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉർദുഗാൻ ജനങ്ങളോട് പ്രഖ്യാപിച്ചത്, തന്റെ കക്ഷി പരാജയപ്പെടുകയാണെങ്കിൽ, പിന്നെ താൻ രാഷ്ട്രീയത്തിലുണ്ടാവുകയില്ല എന്നായിരുന്നു. അദ്ദേഹത്തിന്റെ കക്ഷിയെ വീണ്ടും തെരഞ്ഞെടുക്കാൻ ജനങ്ങൾക്ക് അതുതന്നെ മതിയായ കാരണമായിരുന്നു.

ഹമാസിന്റെ നേതൃത്വം, ലോകത്തെ ഏറ്റവും കുതന്ത്രശാലികളായ ജൂതന്മാരെ വരച്ചവരയിൽ നിർത്തുന്നത്, സ്ട്രാറ്റജിയെ സ്ട്രാറ്റജി കൊണ്ട്, ആസൂത്രണത്തെ ആസൂത്രണം കൊണ്ട് നേരിടാൻ കെൽപുള്ള നേതൃത്വമുള്ളതുകൊണ്ടാണ്. ആ നേതൃപാടവത്തിനുമുമ്പിൽ ഇസ്രയേൽ പലപ്പോഴും പതറുന്നത് ലോകം കണ്ടു. ഗസ്സ ഉപരോധം പിൻവലിച്ചത് ഒടുവിലത്തെ ഉദാഹരണം. എല്ലാ അറബ് രാഷ്ട്രങ്ങളും ഒന്നിച്ചുനിന്നിട്ടു

പോലും ഇസ്രയേലിനെതിരെ ചെയ്യാൻ കഴിയാത്തതാണ് ഇന്ന് 'ഹമാസ്' എന്ന പ്രസ്ഥാനം ചെയ്തുകൊണ്ടിരിക്കുന്നത്.

ഈജിപ്തിലെ ഇഖ്‌വാന്, അതിന്റെ സമീപകാലചരിത്രത്തിൽ ലഭിച്ച ഏറ്റവും നല്ല നേതൃത്വമാണ് ഇപ്പോഴത്തെ മുർശിദ് മഹ്ദി ആകിഫ്. സ്വിറ്റ്സർലന്റിലായിരുന്ന അദ്ദേഹത്തിന്റെ വിശാലമായ ലോക പരിചയം ഇഖ്‌വാന്റെ സ്ട്രാറ്റജി നിർണയത്തിൽ വലിയ പങ്കുവഹിക്കുകയും, കാറ്റിലും കോളിലും ആടിയുലയാതെ പ്രസ്ഥാനത്തെ പിടിച്ചുനിർത്തുകയും ചെയ്യുന്നു. ഫ്രാൻസിലും ജർമ്മനിയിലുമായിരുന്ന മുഹമ്മദുൽ ഹംദാവി തിരിച്ചെത്തി മൊറോക്കോവിലെ പ്രസ്ഥാനത്തിന്റെ നേതൃത്വമേറ്റെടുത്ത ശേഷം ഉണ്ടായ പുരോഗതിയും ചെറുതല്ല. ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമിയുടെ വിജയത്തിനു പിന്നിൽ ഗുലാം അഅ്സം എന്ന വ്യക്തിത്വത്തിന്റെ ദീർഘദർശിത്വത്തിന് വലിയ പങ്കുണ്ട്. അദ്ദേഹം വളർത്തിയെടുത്ത ചെറുപ്പക്കാരാണ് ഇന്ന് ബംഗ്ലാദേശിന്റെ എല്ലാ തുറകളിലും പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് നിറഞ്ഞു നിൽക്കുന്നത്.

ഒരാൾ നേതാവായി ജനിക്കുകയാണ്, നിർമിക്കപ്പെടുകയല്ല എന്ന വിശ്വാസം ഇന്ന് ഇസ്‌ലാമിസ്റ്റുകൾക്കില്ല. നേതൃത്വത്തെ കുറിച്ച് 50 വർഷം പഠനം നടത്തിയ 85 കഴിഞ്ഞ പ്രഫസർ പീറ്റർ ഡർക്കർ പറഞ്ഞത്, നേതൃത്വം എന്നത് പഠിച്ചെടുക്കേണ്ട ഒന്നാണ്[3] എന്നത്രെ. അതിനാൽ നേതൃപരിശീലനത്തിന് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഇന്ന് വമ്പിച്ച പ്രാധാന്യം നൽകുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിൽ അതിനായി ദശക്കണക്കിന് സ്ഥാപനങ്ങൾ അവർ ഉണ്ടാക്കിയിട്ടുണ്ട്. നൂറുകണക്കിന് കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പാശ്ചാത്യ സങ്കൽപങ്ങളെയും ഇസ്‌ലാമിക കാഴ്ചപ്പാടുകളെയും ഇഴചേർത്ത്, പുതിയ മൊഡ്യൂളുകൾ വികസിപ്പിച്ചെടുത്ത ഡോ. ത്വാരിഖ് സുവൈദാനെപ്പോലുള്ളവർ ഈ രംഗത്ത് പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നു. പുതിയ നേതാക്കളെ വളർത്തിയെടുക്കാൻ മാത്രമല്ല, നിലവിലുള്ള നേതൃത്വത്തെ കൂടുതൽ യോഗ്യരാക്കാനും പ്രസ്ഥാനങ്ങൾ ഇത്തരം സംവിധാനങ്ങളിലൂടെ ശ്രമിക്കുന്നു. ഇന്നലത്തെ നേതാവ് ഇന്ന് നേതാവാകാൻ യോഗ്യനല്ല, അയാൾ അപ്പപ്പോൾ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്നില്ലെങ്കിൽ.

നേതൃത്വത്തെ കൃത്യമായി അളക്കാൻ യോഗ്യതയുള്ള അനുയായികളുണ്ടായി എന്നതും പ്രസ്ഥാനങ്ങൾക്ക് നല്ല



മർയം സ്വാലിഹ്



ഇൻഗ്രിഡ് മാറ്റ്സൺ

നേതാക്കളുണ്ടാകാൻ കാരണമായിട്ടുണ്ട്. യോഗ്യത തെളിയിക്കാത്ത നേതാക്കൾ അടുത്ത തെരഞ്ഞെടുപ്പിൽ നിഷ്കരുണം മാറ്റപ്പെടും. പഴമയോ പാരമ്പര്യമോ അതിനു തടസ്സമാവില്ല. ഈജിപ്തിലും ജോർദാനിലും മൊറോക്കോയിലുമൊക്കെ അതാണ് സംഭവിച്ചത്.

നേതൃജോലികൾ, നേതാക്കൾക്കിടയിൽ ശാസ്ത്രീയമായി വീതിക്കാൻ പ്രസ്ഥാനങ്ങൾ ശ്രദ്ധിക്കുന്നു. എല്ലാം എല്ലാവരും ചെയ്യുകയല്ല, ചിലർ ചിലത്, അതുതന്നെ തങ്ങൾക്ക് ഏറ്റവും കഴിയുന്നത് ചെയ്യുകയും ഓരോരുത്തരും തങ്ങളുടെ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, അത് വിജയിപ്പിച്ചെടുക്കുകയുമാണ്. ചിലർക്ക് രാഷ്ട്രീയം ഏൽപിക്കപ്പെട്ടിരിക്കുന്നു. വേറെ ചിലർ 'മുറബ്ബി'കളാണ്. മറ്റു ചിലർ ചിന്താപരമായ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം നൽകപ്പെട്ടവർ. ഇനിയും ചിലർ അക്കാദമിക കാര്യങ്ങളിൽ മാത്രം വ്യാപൃതർ. ചിലർ ഗ്രന്ഥരചനകളിൽ. വേറെ ചിലർ ചാരിറ്റി പ്രവർത്തനങ്ങളിൽ. ഓരോ മേഖലയിലും അതതിന്റെ ഉത്തരവാദിത്വമുള്ളവർ മാത്രം. എല്ലാം എല്ലാവരും ചെയ്ത് എല്ലാം ഒന്നുമല്ലാതാകുന്ന പ്രശ്നമില്ല.

## സമാപനം

ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പുതിയ സാഹചര്യത്തിൽ സ്വീകരിച്ചുകഴിഞ്ഞ പുതിയ സ്ട്രാറ്റജിയുടെ ചില ഉദാഹരണങ്ങൾ മാത്രമാണിത്. പ്രസ്ഥാനങ്ങൾ എല്ലാ രംഗത്തും കുറ്റമറ്റ പുരോഗതി കൈവരിച്ചു കഴിഞ്ഞുവെന്ന് ഇതിനർഥമില്ല. അവക്ക് ഇനിയും കടമ്പകൾ കുറെ കടക്കാനുണ്ട്. ആത്മപരിശോധനയും തിരുത്തലുകളും അനിവാര്യമായ മേഖലകൾ ഇനിയും ബാക്കിയുണ്ട്. ആ ദിശയിലുള്ള ക്രിയാത്മകമായ കുറെ ചുവടുവെപ്പുകൾ നടന്നുവെന്നേ പറയാനാവൂ. ഇപ്പോൾ സ്വീകരിച്ചുകഴിഞ്ഞ സ്ട്രാറ്റജി അവസാനത്തേതാവണമെന്നില്ല. കാലാനുസൃതമായി അവ ഇനിയും പുരോഗമിക്കേണ്ടതുണ്ട്.

ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം, ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ അപ്പാടെ പകർത്തുക വയ്യ. കാരണം, ഇവിടെ സാഹചര്യങ്ങൾ വ്യത്യസ്തമാണ്. എന്നാൽ അവയിൽനിന്നു സ്വീകരിക്കാൻ പലതുമുണ്ട്. സാഹചര്യങ്ങളുടെ വ്യത്യസ്തത പറഞ്ഞ് എല്ലാ പുരോഗമനങ്ങൾക്കും പുനർവിചിന്തനങ്ങൾക്കും നേരെ പുറംതിരിഞ്ഞ് നിൽക്കാനാവില്ല. അത് ഇസ്‌ലാമിനോടുതന്നെ ചെയ്യുന്ന അപരാധമായിരിക്കും. ■

### കുറിപ്പുകൾ

1) ഇസ്‌ലാമിക പ്രസ്ഥാനം മുൻഗണനാക്രമം - ഡോ. യൂസുഫുൽ ഖർദാവി/49

2) അൽ വസത്വിയ്യ ഫി അലാഖത്തിദ്ദീനി ബിസ്സിയാസ - ശൈഖ് റാശിദുൽ ഗനൂശി

3) സ്വനാഅത്തുൽ ഖാഇദ്/ഡോ. ത്വാരിഖ് സുവൈദാൻ

(അവസാനിച്ചു)